പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3797 17.12.2015-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ് സംബന്ധിച്ച് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗെയിംസ് നടത്തിപ്പിൽ സംഘാടകസമിതിയുടെ കെടുകാര്യസ്ഥത മൂലം കോടിക്കണക്കിന് രൂപ നഷ്ടം സംഭവിക്കുകയുണ്ടായോ ; | (എ) & (ബി) ഇത്തരം പരാമർശം ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ ഇല്ല |
| (ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വെളിപ്പെടുത്തുമോ ; | |
| (സി) ദേശീയ ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങൾ പലതും ഗെയിംസ് അവസാനിച്ചതിനുശേഷമാണോ സ്ഥലത്തെത്തിയിരുന്നത് ; ആവശ്യമില്ലാതെ ഉപകരണങ്ങൾ വാങ്ങുകയുണ്ടായോ ; | (സി) ദേശീയ ഗെയിംസിന്റെ മത്സരങ്ങൾക്ക് ഉപയോഗിക്കുന്നതിനായി വാങ്ങിയ ഉപകരണങ്ങളെല്ലാം തന്നെ മത്സരങ്ങളുടെ നടത്തിപ്പിന് മുൻപ് തന്നെ എത്തിച്ചേർന്നിരുന്നു.<br><br>മത്സര നടത്തിപ്പിന് ആവശ്യമായ ഉപകരണങ്ങൾ ഏതെല്ലാമെന്നും എത്രവീതമെന്നും നിശ്ചയിച്ചത് ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രതിനിധികളടങ്ങിയ ഗെയിംസ് ടെക്നിക്കൽ കണ്ടക്റ്റ് കമ്മിറ്റി (GTCC)യാണ്. കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. |

(ഡി) ഗെയിംസ് വില്ലേജിന്റെ നിർമ്മാണം യോഗ്യതയില്ലാത്ത സ്ഥാപനത്തിന് നൽകിയതായും വിവിധ നിർമ്മാണങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ അവസാനബില്ല് നൽകുന്നതുവരെ വിവിധ ഘട്ടത്തിൽ നീതികരിക്കാനാവാത്ത അലംഭാവം ഉണ്ടായതായും ലോക്കൽ ഫണ്ട് ആഡിറ്റ് ടീം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ആഡിറ്റ് റിപ്പോർട്ടും അതിന്മേലുള്ള നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ വിശദീകരണവും സർക്കാർ പരിശോധിച്ച് വരുകയാണ്. ഗെയിംസ് വില്ലേജ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടി മുതൽ വില്ലേജ് പൂർത്തിയാക്കുന്നതുവരെയും യാതൊരു അലംഭാവവും ഉണ്ടായിട്ടില്ല.

(ഇ) സർക്കാരിന് ഉടമസ്ഥാവകാശം ലഭിച്ചിട്ടില്ലാത്ത ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനു ചെലവഴിക്കേണ്ടി വന്നതായി ആഡിറ്റ് ടീം കണ്ടെത്തിയ തുക എത്രയാണ് ?

(ഇ) കാര്യവട്ടത്ത് കേരള സർവ്വകലാശാലയുടെ അധീനതയിലുള്ള സ്ഥലം 15 വർഷത്തേയ്ക്ക് പാട്ടത്തിനെടുത്താണ് ഗ്രീൻ ഫീൽഡ് സ്റ്റേഡിയം നിർമ്മിച്ചത്. പാട്ടത്തുക/ സർവ്വീസ് ചാർജിനത്തിൽ കേരള സർവ്വകലാശാലയ്ക്ക് 2,11,23,680/- രൂപയും പാട്ടക്കരാർ സ്റ്റാമ്പ് പേപ്പർ വാങ്ങിയതിന് 25,38,000/- രൂപയും ഇൻഡിപെൻഡന്റ് കൺസൾട്ടന്റിന് 2,39,38,440/- രൂപയും നൽകിയതായി ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്.

സെക്ഷൻ ഓഫീസർ